## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *141** **08/06/2018-ൽ മറുപടിയ്ക്ക്**

## ലൈഫ് മിഷൻ പദ്ധതി

| ചോദ്യം<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | | മറുപടി<br>ശ്രീ.കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി 2018 മാർച്ച് 31 ന് മുമ്പ് എത്ര ഭവന രഹിതർക്ക് വീട് നൽകണമെന്നാണ് ലക്ഷ്യമിട്ടിരുന്നത്; പ്രസ്തുത ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (എ) | ഭവന രഹിതരായവർക്ക് കഴിഞ്ഞ സാമ്പത്തിക വർഷം പുതിയ ഭവനങ്ങൾ നല്കുന്നത് ലക്ഷ്യമിട്ടിരുന്നില്ല. എന്നാൽ വിവിധ പദ്ധതികൾ പ്രകാരം മുൻപ് ഭവന നിർമ്മാണ സഹായം ലഭിച്ചവരുടെ ഭവനങ്ങൾ 2018 മാർച്ച് 31-ന് മുമ്പ് പൂർത്തീകരിക്കണമെന്ന് ലക്ഷ്യമിട്ടിരുന്നു. ആയത് പ്രകാരം 23205 വീടുകൾ 2018 മാർച്ച് 31-ന് മുമ്പ് പൂർത്തീകരിച്ചു. പൂർത്തീകരിക്കാനുണ്ടായിരുന്ന 56131 വീടുകളിൽ 39243 വീടുകൾ 02.06.2018 വരെ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള ഭവനങ്ങളുടെ പൂർത്തീകരണം അതിവേഗം പുരോഗമിച്ചു വരികയാണ്. |
| (ബി) | ഈ പദ്ധതിയിൻ കീഴിൽ ഗുണഭോക്താക്കളെ കണ്ടെത്തുവാൻ നടത്തിയ വിവരശേഖരണം സംബന്ധിച്ച് വ്യാപകമായ പരാതികൾ ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | അനർഹർ ലിസ്റ്റിൽ കടന്നു കൂടിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അർഹരെ ഒഴിവാക്കുന്നതിനും അനർഹരെ ലിസ്റ്റിൽ ഉൾക്കൊള്ളിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (സി) | ഉണ്ട്. ഇത് പരിഹരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ജില്ലാ തലത്തിലും അപ്പീൽ നൽകാൻ അവസരം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മുമ്പ് തയ്യാറാക്കിയിരുന്ന പട്ടിക, വാർഡുസഭ / ഗ്രാമസഭ മുഖേന പരിശോധിച്ച് അനർഹരെ ഒഴിവാക്കുന്നതിന് |

| | | | |
|---|---|---|---|
| | | | നിർദ്ദേശം നൽകിയിരുന്നു. കൂടാതെ, അന്തിമമായി പ്രസിദ്ധീകരിച്ച ഗുണഭോക്തൃ പട്ടികയിൽ അനർഹർ കടന്നു കൂടിയിട്ടുള്ള പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥർ ആയത് പരിശോധിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്ന പക്ഷം ഉചിതമായ തീരുമാനമെടുക്കുന്നതിന് 23.05.2018 തീയതിയിലെ ഡി.ബി.1/374/2018/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ഈ പദ്ധതിക്കായി എത്ര തുക വായ്പ എടുക്കുവാനാണ് ഉദ്ദേശിക്കുന്നത്; ഹഡ്കോയിൽ നിന്നും വായ്പ എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ പലിശ എത്ര ശതമാനമാണ്; | (ഡി) | ഈ പദ്ധതിക്കായി ആദ്യഘട്ടമെന്ന നിലയിൽ 4000 കോടി രൂപ ഹഡ്കോയിൽ നിന്ന് വായ്പ എടുക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇത് സംബന്ധിച്ച് നടത്തുന്ന ചർച്ചയിൽ മാത്രമേ പലിശ നിരക്ക് നിശ്ചയിക്കുകയുള്ളൂ. |
| (ഇ) | ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾക്കായി പ്രദേശിക സംഭാവനകൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; വിദേശത്ത് നിന്നും ഇക്കാര്യത്തിന് ഫണ്ട് സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയെന്ന് വെളിപ്പെടുത്താമോ; | (ഇ) | ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് പ്രാദേശിക സംഭാവനകൾ ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ 48000/- രൂപയും കൊല്ലം ജില്ലയിൽ 104000/- രൂപയും ആലപ്പുഴ ജില്ലയിൽ 293561/- രൂപയും ഇടുക്കി ജില്ലയിൽ 275070/- രൂപയും എറണാകുളം ജില്ലയിൽ 1180131/- രൂപയും തൃശ്ശൂർ ജില്ലയിൽ 1934690/- രൂപയും മലപ്പുറം ജില്ലയിൽ 34000/- രൂപയും കോഴിക്കോട് ജില്ലയിൽ 782536/- രൂപയും ലഭിച്ചിട്ടുണ്ട്. വിദേശത്ത് നിന്നും ഈയിനത്തിൽ ഫണ്ട് ലഭിച്ചിട്ടില്ല. |
| (എഫ്) | പ്രദേശിക സാമ്പത്തിക സഹായം സ്വീകരിച്ച് ഈ പദ്ധതിയിൽ വീട് പൂർത്തിയാക്കുവാൻ ഉതകുന്ന രീതിയിൽ ജനകീയ മുന്നേറ്റം ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (എഫ്) | തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഇടുക്കി തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ ഗ്രാമ പഞ്ചായത്തുകൾക്ക് പ്രാദേശിക സാമ്പത്തിക സഹായം സ്വീകരിച്ച് ലൈഫ് പദ്ധതിയിൽ വീട് പൂർത്തീകരിക്കുവാൻ ഉതകുന്ന രീതിയിൽ ജനകീയ മുന്നേറ്റം ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**